**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4239** **18-03-2025 - ൽ മറുപടിയ്ക്ക്**

**പത്ര പ്രവർത്തകരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പത്ര സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് വിരമിക്കുന്നവരുടെ ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനം കുറവുകൾ പരിഹരിച്ച് ശരിയായ രീതിയിൽ പ്രാവർത്തികമാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറവുകൾ പരിഹരിച്ച് കുറ്റമറ്റരീതിയിൽ പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്, 16/08/1993 ലെ സ ഉ (പി)നം.7/93/പിആർ ഉത്തരവ് പ്രകാരം നിലവിൽ വന്ന 'കേരള സംസ്ഥാന പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി' യുടെ അടിസ്ഥാനത്തിലാണ് നിലവിൽ പത്ര പ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകി വരുന്നത്. പത്രപ്രവർത്തക-ദൃശ്യ മാധ്യമ രംഗങ്ങളിൽ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ കൂടി ഉൾകൊണ്ട് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പരിഷ്കരണ നടപടികൾ നടന്ന് വരികയാണ്. വിവിധ പത്രപ്രവർത്തക പെൻഷനുകൾ യാതൊരുവിധ തടസ്സങ്ങളും കൂടാതെ കൃത്യമായി നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുതിയ ആളുകൾക്ക് അംഗത്വം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും ഉള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഇല്ല. 2021 മുതൽ പത്രപ്രവർത്തക പെൻഷൻ പദ്ധതി ഓൺലൈനായി നടപ്പിൽ വരികയും, നിലവിലെ അംഗങ്ങളെ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ അംഗത്വം റദ്ദായവരുടെ വിഷയത്തിൽ, അംഗത്വം പുനഃസ്ഥാപിച്ചും, ഓൺലൈൻ റെജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ച് വരികയാണ്.<br><br>പത്രപ്രവർത്തക പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെൻഷൻ ഫണ്ടിന്റെ രൂപീകരണത്തിന്റെ സാമ്പത്തിക വിശകലനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നടപടി സ്വീകരിച്ച് വരുന്നതിനാൽ, പുതിയ ഓൺലൈൻ അംഗത്വ റെജിസ്ട്രേഷൻ നടപടികളിൽ താൽക്കാലികമായിട്ട് കാലതാമസം ഉണ്ടായിട്ടുണ്ട് . |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ പ്രതിനിധികളും സംഘടനാ പ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ കമ്മിറ്റിയുടെ മീറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ പെൻഷൻ | (സി) | ഉണ്ട്. പത്രപ്രവർത്തക പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അംഗത്വം, പെൻഷൻ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അന്തിമ തീരുമാനങ്ങൾ കൈകൊള്ളുന്നതിനും, നയപരമായ വിഷയങ്ങളിൽ |

| | | | |
|---|---|---|---|
| | പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ കമ്മിറ്റിയിൽ ഉന്നയിക്കുന്നതിനുവേണ്ടി പ്രസ്തുത കമ്മിറ്റി യഥാസമയങ്ങളിൽ കൂടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | തീരുമാനം കൈകൊള്ളുന്നതിനുമായി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു ഉപസമിതിയും, ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു മാനേജിങ് കമ്മിറ്റിയും നിലവിലുണ്ട്. അവസാനമായി ഉപസമിതി 11.09.2024ലും, തുടർന്ന് മാനേജിങ് കമ്മിറ്റി 30.11.2024ലും ചേർന്ന് പെൻഷൻ, അംഗത്വം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ